**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2418** **12-02-2024 - ൽ മറുപടിയ്ക്ക്**

**മുനിസിപ്പൽ കോമൺ സർവീസ് - മുൻകാല സർവീസ് ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | മുനിസിപ്പൽ കോമൺ സർവീസിലേക്ക് മറ്റു സർക്കാർ സർവീസിൽ നിന്നും വരുന്ന ജീവനക്കാരെയും, തിരിച്ച് മറ്റ് സർക്കാർ സർവീസിലേക്ക് പോകുന്ന ജീവനക്കാരെയും മുൻകാല സർവീസ് ആനുകൂല്യത്തിനു പരിഗണിക്കുന്നത് 2006 വരെ നിജപ്പെടുത്തി ഉത്തരവുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സർക്കാർ സർവ്വീസിൽ നിന്നും മുനിസിപ്പൽ കോമൺ സർവീസിലേക്ക് മാറി വരുന്ന ജീവനക്കാരുടെ മുൻകാല സർക്കാർ സേവനകാലം ശമ്പള നിർണ്ണയത്തിന് കണക്കാക്കുവാൻ 13/07/1987 ലെ ജി.ഒ (എം.എസ്) നം. 162/87/തഭവ നമ്പറായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന് 31/03/1984 മുതൽ മുൻകാല പ്രാബല്യം നൽകിക്കൊണ്ട് 07/06/1989 ലെ സ.ഉ (എം.എസ്) 55/89/തഭവ നമ്പർ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് 12.09.2006 ലെ ജി.ഒ (എം.എസ്) നം.211/2006/തസ്വഭവ ഉത്തരവ് പ്രകാരം ടി ഉത്തരവ് റദ്ദാക്കപ്പെട്ടുവെങ്കിലും ആയതിന് മുൻകാല പ്രാബല്യം ഉണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ സർക്കാർ സർവീസിൽ നിന്നും 31/03/1984 നും 11/09/2006 നും മദ്ധ്യേ മുനിസിപ്പൽ കോമൺ സർവീസിലേക്ക് മാറിയ ജീവനക്കാർക്ക് അവരുടെ മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ച് ലഭിക്കുന്നതിന് അർഹതയുണ്ട്. |
| (ബി) | ഇതിനെതിരായി ജീവനക്കാർ കേസിനു പോകുന്നതും ആനുകൂല്യം നൽകാൻ ഓരോ ഘട്ടത്തിലും പ്രത്യേക ഉത്തരവുകൾ ഇറക്കേണ്ടി വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്.<br><br>11.09.2006 ന് ശേഷം സർക്കാർ സർവ്വീസിൽ നിന്നും മുനിസിപ്പൽ കോമൺ സർവീസിൽ പ്രവേശിച്ച ഏതാനും ജീവനക്കാർ മുൻകാല സർവീസ് സംരക്ഷണത്തിനുവേണ്ടി ഫയൽ ചെയ്ത കേസുകളിലെ കോടതി ഉത്തരവുകൾക്കെതിരെ സർക്കാർ നിലവിൽ മേൽകോടതിയിൽ അപ്പീലുകൾ ഫയൽ ചെയ്തിട്ടുള്ളതാണ്. എന്നാൽ സർക്കാർ സർവ്വീസിൽ നിന്നും മുനിസിപ്പൽ കോമൺ സർവീസിലേയ്ക്ക് മാറിയ ചില ജീവനക്കാർക്ക് കോടതി വിധിയുടെ അടിസ്ഥാനത്തിൽ ശമ്പളവും സർവ്വീസും സംരക്ഷിച്ച് നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (സി) | പൊതു സർവീസ് രൂപീകൃതമായ സാഹചര്യത്തിൽ | (സി) | നിലവിൽ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | ഈ വിഷയത്തിൽ പൊതുവായ തീരുമാനമെടുത്ത് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ